ഇതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്. തീർച്ചയായും തമിഴ്നാട് ഗവൺമെന്റ് ഈ പ്രശ്നം ഗൗരവമായി കാണുമെന്നും സഹതാപപൂർവം അതിൽ പെരുമാറുമെന്നുമാണ് കേരളാ ഗവൺമെന്റിന്റെ പ്രതീക്ഷ. ബഹുമാനപ്പെട്ട പി. കെ. വി. സൂചിപ്പിച്ചപോലെ ഗുഡ് ആഫീസസ് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു. തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെടും. തീർച്ചയായും അവർ ചെയ്യുമെന്നാണ് പ്രതീക്ഷ. അതിനാവശ്യമായ എല്ലാ നടപടികളും, സ്നേഹപൂർവമായ പ്രേരണയും—പൂർണ്ണമായും ഇത് അവരുടെ ആഭ്യന്തരപ്രശ്നമാണെന്നുള്ളത് മനസ്സിൽ വച്ചുകൊണ്ടുതന്നെ—ഇതിനുവേണ്ടി നൽകുന്നതായിരിക്കും.

(2) ഇൻഡ്യൻ ഉദ്യോഗാർത്ഥികളുടെ ഒരു സംഘം സൗദി അറേബ്യയിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള ശ്രീ. എം. എം. ഹസ്സന്റെ പ്രസ്താവന

ശ്രീ. എം. എം. ഹസ്സൻ: ബഹുഭൂരിപക്ഷംവരുന്ന മലയാളികളും ഉൾക്കൊള്ളുന്ന ഇൻഡ്യൻ ഉദ്യോഗാർത്ഥികളുടെ ഒരു സംഘം സൗദി അറേബ്യയിൽ അനുഭവിക്കുന്ന വളരെ വേദനനിറഞ്ഞ ബുദ്ധിമുട്ടുകളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും സത്വര ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

ബോംബെ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഒരു റിക്രൂട്ടിംഗ് ഏജൻസി കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ഉയർന്ന ശമ്പളം വാഗ്ദാനംചെയ്തുകൊണ്ട് സൗദി അറേബ്യയിലെ മുനിസിപ്പാലിറ്റികളിലുള്ള കൃഷിത്തോട്ടങ്ങളിൽ പണിചെയ്യാൻ ഏതാണ്ട് അറുനൂറോളം ആളുകളെ റിക്രൂട്ട്ചെയ്ത് സൗദി അറേബ്യയിലേക്ക് കൊണ്ടുപോയി. അതിൽ ഭൂരിപക്ഷം ആളുകളും മലയാളികളാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ധാരാളം ആളുകളും ആ സംഘത്തിൽപ്പെട്ടിട്ടുണ്ട്. അവിടെ കൊണ്ടുപോയി അവർക്ക് തൂപ്പുജോലിയും ചപ്പുചവറുകളും വാരുന്ന ജോലിയുമാണ് നൽകിയിരിക്കുന്നത്. സൗദി അറേബ്യയിലെ റിയാദ് റോഡിലുള്ള 'അൽതോപാ', 'അൽകോബ' എന്നീ രണ്ടു പ്രദേശങ്ങളിൽ തടങ്കൽപ്പാളയങ്ങളുണ്ടാക്കി, അവിടെ പല ആളുകളും പട്ടിണിമരണങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നാലഞ്ച് ആളുകളും ഇതിനകം മരിച്ചു. അൻപതോളം ആളുകൾ രോഗശയ്യയിലാണ്. പത്ത്–എഴുപത് ആളുകളും ഇവിടെനിന്ന് ഗവൺമെന്റ് ജോലി രാജിവച്ചാണ് പോയത്. 4,500 രൂപ മുതൽ 12,000 രൂപവരെ ശമ്പളം വാഗ്ദാനംചെയ്താണ് ആളുകളെ അവിടെ കൊണ്ടുപോയത്. അവിടെ കൊണ്ടുപോയി അവരെക്കൊണ്ട് പത്തും, പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യിക്കുകയാണ്. അവരുടെ പാസ്പോർട്ടും മറ്റെല്ലാംതന്നെ ചില അറബികളുടെ കൈയിലായിപ്പോയി. ഒരു മലയാളിയായ ശ്രീ. ടി. പി. പി. അബ്ദുള്ളയാണ് അവിടെ സ്ഥാനപതിയായി ഇരിക്കുന്നത്. പലർക്കും ഇതിനെക്കുറിച്ച് പരാതിപ്പെടാൻ വൈഷമ്യമുണ്ട്.

കൂടുതൽ മലയാളികളും ഉൾക്കൊള്ളുന്ന സംഘമായതുകൊണ്ട്, കേരളാ ഗവൺമെന്റ് ഇത് ഇൻഡ്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളും അടിയന്തിരമായി ആവിഷ്കരിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരുകാര്യംകൂടി സാന്ദർഭികമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: പോയിന്റ് ഓഫ് ഓർഡർ. സഭയിൽ സബ് മിഷൻ ഉന്നയിക്കാൻ, ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി, എല്ലാ മെമ്പർമാർക്കും അവകാശമുണ്ട്. ഇവിടെ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്, ഇൻഡ്യയിലെ ഒരു ഏജൻസി ചെയ്യുന്ന കുറ്റമാണെങ്കിലും, മറ്റൊരു രാഷ്ട്രത്തെക്കൂടി ബാധിക്കുന്നതാണ്. ഇൻഡ്യയും മറ്റൊരു രാജ്യവും തമ്മിലുള്ള ബന്ധത്തെസംബന്ധിച്ചുള്ളതാണ്. ഏതാനും മലയാളികളുണ്ടെന്നുള്ളത് സമ്മതിക്കുന്നു.

മി. സ്പീക്കർ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട ഇ. അഹമ്മദ് ഇരിക്കണം. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും, ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തത്. ഗവൺമെന്റ് ഈ കാര്യത്തെസംബന്ധിച്ച് കേന്ദ്രഗവൺമെന്റിനെ അറിയിച്ച് എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ചെയ്യണമെന്നാണ് പറയുന്നത്. മറ്റൊരു രാജ്യത്തെ ഗവൺമെന്റിനെക്കുറിച്ച് ഇവിടെ യാതൊന്നും പരാമർശിച്ചിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: തൊഴിൽരഹിതരായ ആളുകളെ വിഷമിപ്പിക്കുന്ന പല റിക്രൂട്ടിംഗ് ഏജൻസികളും നമ്മുടെ സംസ്ഥാനത്തുണ്ട്. പാവപ്പെട്ട, തൊഴിലില്ലാത്തവന്റെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരി തട്ടിച്ചു കൊഴുക്കുന്ന എൻ. ഒ. സി. തട്ടിപ്പുകാരേയും, അനധികൃതമായി റിക്രൂട്ട് ചെയ്യുന്ന റിക്രൂട്ടിംഗ് ഏജൻസികളേയും കർശനമായി കൈകാര്യം ചെയ്യാനും, അവരുടെ പ്രവർത്തനങ്ങൾ തടയാനും കേരളാ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാളികളടങ്ങുന്ന ഈ സംഘം അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് പ്രധാനമന്ത്രിയുടേയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽ ഇക്കാര്യം അടിയന്തിരമായി കൊണ്ടുവരണമെന്ന് തൊഴിലിനുവേണ്ടി അറബി രാജ്യത്തിലേക്ക് പോയ പെരുപ്പക്കാർക്കുവേണ്ടി ഞാൻ ഒരിക്കൽകൂടി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, ഗൾഫ് നാടുകളിൽ ജോലിതേടിപ്പോകുന്നവരിൽ നല്ലൊരുവിഭാഗം മലയാളികളാണെന്ന് എല്ലാവർക്കുമറിയാം. ഇവർ വളരെയധികം വിഷമം സഹിക്കുന്ന പരിതഃസ്ഥിതിയും ഉണ്ടാകാറുണ്ട്. ഇതുണ്ടാകുന്ന ഘട്ടത്തിലെല്ലാംതന്നെ നമ്മൾ ഇൻഡ്യാഗവൺമെന്റിന്റെ വിദേശകാര്യവകുപ്പും ആഭ്യന്തരകാര്യവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് സംസാരിച്ച് അത്തരം പ്രശ്നങ്ങളിലേക്ക് ശ്രദ്ധപതിപ്പിക്കാറുണ്ട്. ഒരു ഘട്ടത്തിൽ ഞാൻ വിദേശകാര്യമന്ത്രിയെത്തന്നെ ഡൽഹിയിൽവച്ചു കണ്ട് ഗൾഫിൽ പോയിട്ടുള്ള മലയാളികളുടെ പ്രശ്നത്തെപ്പറ്റിയും ജോലി ഇല്ലാതെ പുറംനാടുകളിൽ അലയുന്നതിനെപ്പറ്റിയും സംസാരിക്കുകയും അവർ ഇടപെട്ടുകൊണ്ട് ചില നേട്ടങ്ങൾ ഉണ്ടാക്കുകയുമെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ അതിനിടയ്ക്ക് വന്നിട്ടുള്ള ചില പ്രശ്നങ്ങൾ ഇവിടെത്തന്ന ഉന്നയിച്ചിട്ടുള്ള പ്രശ്നം, എൻ. ഒ. സി. തട്ടിപ്പ്, അതൊരു സ്ഥിരം തൊഴിലായി ബോംബെയിലും മറ്റു പല സ്ഥലങ്ങളിലും കേരളത്തിലും നടക്കുന്നതായി നമുക്കറിയാം. ഇതിന് വിധേയരായിപ്പോകുന്ന തൊഴിലില്ലാത്ത പെരുപ്പക്കാരെ സംബന്ധിച്ച് ഗവൺമെന്റ് അതിന്റെ കഴിവ് പരമാവധി ഉപയോഗപ്പെടുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

അത്തരം കുറവാളികളെ കണ്ടുപിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഇതുപോലുള്ള ഒരു പ്രശ്നം വരുമ്പോഴും, വിദേശരാജ്യങ്ങളിൽവരുന്ന പ്രശ്നങ്ങളിൽ നമുക്ക് സ്വതന്ത്രമായി ഇടപെടാൻ അധികാരമില്ല. നമ്മുടെ എമ്പസി, നമ്മുടെ വിദേശകാര്യമന്ത്രിമാർ അവർ വഴിക്കാണ് നമ്മൾ ഇടപെടുന്നത്. തീർച്ചയായും ഇതുപോലെ ഗൗരവമേറിയ പ്രശ്നം ഉണ്ടാവുന്ന ഘട്ടങ്ങളിലൊക്കെ വിദേശകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ട്. ഇനിയും അറിയിക്കാം. അല്ലാതെ സ്വതന്ത്രമായ ബന്ധത്തെ വിഘാതപ്പെടുത്തുന്നതിൽ കാര്യമൊന്നുമില്ല. നമുക്ക് ഇടപെടാൻ അധികാരമില്ല. അതുകൊണ്ട് ഇതുപോലുള്ള പ്രശ്നങ്ങൾ നമ്മുടെ വിദേശകാര്യവകുപ്പും വിദേശകാര്യമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് കൈകാര്യംചെയ്യാം. മലയാളികൾ വളരെയധികം വിഷമിക്കുന്നുണ്ടെന്നുള്ള പ്രശ്നം ഒക്കെ നമുക്കറിയാം. ഇവിടത്തെ തൊഴിലില്ലായ്മയുടെ ഫലമായിട്ടാണ് പുറത്തേക്ക് പോകുന്നത്. കുടുംബത്തെ പോറ്റാൻ വേണ്ടിയാണ്. ഈ പ്രശ്നങ്ങൾ ഇൻഡ്യാ ഗവൺമെൻറുവഴി എത്രകണ്ട് ചെയ്യാൻ കഴിയുമെന്ന് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ബഹുമാനപ്പെട്ട ഹസ്സന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഈ എജൻറുമാരെ കർശനമായി നിയന്ത്രിക്കണം. എൻ. ഒ. സി. തട്ടിപ്പുകാരെ നിയന്ത്രിക്കണം എന്നുള്ള കാര്യത്തിൽ പക്ഷാഭേദമില്ല. പക്ഷെ ആ ഗവൺമെൻറ് തടങ്കൽപ്പാളയം ഉണ്ടാക്കി നമ്മുടെ ഇവിടെ നിന്നും പോയ എഴുപതോളം ആളുകളെ കഷ്ടപ്പെടുത്തുന്നു എന്നാണ് പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെൻറ് എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.

(ബഹളം)

മി. സ്പീക്കർ: ഗവൺമെൻറ് എന്നൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: ഇതുപോലുള്ള ആക്ഷേപങ്ങൾ കിട്ടിയാൽ തീർച്ചയായും വല്ലതുമുണ്ടെങ്കിൽ നമുക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താം. അല്ലെങ്കിൽ അത് നിഷേധിക്കുകയും ചെയ്യാം.

ശ്രീ. കെ. കരുണാകരൻ: ഇത് ഇവിടെനിന്നും പോകുന്ന ആളുകൾക്ക് ദോഷംചെയ്യും. പ്രസിദ്ധീകരണത്തിന് വിടാതിരിക്കാനല്ല. തീർച്ചയായും പരാതി ഉണ്ടെങ്കിൽ ഇത് ഇത്തരം ഒരു ഫോറത്തിൽ കൊണ്ടുവരുന്നത് ശരിയല്ല.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. സഭയിൽ പറയാത്ത കാര്യങ്ങൾ ബഹുമാനപ്പെട്ട നഹസാഹിബ് എന്റെ പേര് ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാനത് നിഷേധിക്കുന്നു.

ശ്രീ. യു. എ. ബീരാൻ: സർ, ഒരു ചോദ്യം.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ബീരാൻ, അങ്ങയുടെ സീറ്റിൽ സ്ഥാനത്തുനിന്നേ സംസാരിക്കാൻ പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ് കോയ ഇരിക്കുന്ന സീറ്റിൽ ഇരുന്ന് ശ്രീ. ബീരാൻ സാഹിബ് നിയമസഭാ നടപടികളിൽ പങ്കെടുക്കുന്നത് നേതൃത്വത്തിൽ വല്ല മാറ്റവും സംഭവിച്ചിട്ടാണോ അതോ പെട്ടെന്ന് ഉണ്ടായിട്ടുള്ള മറ്റെന്തെങ്കിലും കാരണങ്ങളാലാണോ? ചട്ടപ്രകാരം ഇത് അനുവദിക്കത്തക്കതാണോ?

മി. സ്പീക്കർ: അത് ചെയറിൽനിന്ന് പറഞ്ഞുകഴിഞ്ഞു, അദ്ദേഹം അത് ശ്രദ്ധിക്കും.

VI. അവകാശലംഘനപ്രശ്നം

വിദ്യുച്ഛക്തി വകുപ്പു മന്ത്രിയുടെ പ്രസ്താവനയെ ആസ്പദമാക്കി പ്രൊഫസർ ഉമ്മൻ മാത്യു നൽകിയ നോട്ടീസ്

Mr. Speaker: Professor Oommen Mathew has given notice under Rule 154 of the Rules of procedure and conduct of business in the Kerala Legislative Assembly to raise a question of breach of privilege against Shri R. Balakrishna Pillai, Minister of Electricity based on the statements made by the latter on the floor of the house on July 7, 1980 and July 13, 1981 regarding the air conditioning of the Conference Hall in his official residence and the deputation of an Assistant Engineer in the Kerala State Electricity Board to Pune.

According to Professor Oommen Mathew the statement made by Shri R. Balakrishna Pillai, Minister of Electricity in the house on July 7, 1980 that the conference hall in his official residence was air conditioned at his own expense was false. He has pointed out that on July 13, 1981 the Minister had stated that an air conditioner purchased for the Idamalayar Project had been installed in the conference hall of his official residence. Professor Mathew has alleged that the air conditioner was newly purchased by the board and it was *not* installed temporarily at his residence as claimed by the Minister but with the object of retaining it permanently.

Shri Oommen Mathew has also alleged that on July 13, 1981 the Minister had purposefully misled the house by giving wrong information about the deputation of his grand nephew Sri S. Sreekumar, a provisional Assistant Engineer of the Kerala State Electricity Board to Pune. Professor Mathew has pointed out contradictions in the statements made by the Minister regarding the purpose of deputation. He also alleged that though the period of deputation was four months, the Minister had at first stated in the house that period of deputation was 10 or 15 days and later had said that it was for less than one month.

LIBRARY ARCHIVES Kerala Legislative Assembly